"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ്.ടി.എം ശ്രീമതി വിഷ്ണുപ്രിയ യു.പി. ഫയൽ ചെയ്ത 12062/2026 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 26/03/2026 -ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.5214/2026/GEDN തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:-

1. 12062/2026 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 26/03/2026-ൽ പുറപ്പെടുവിച്ച വിധിന്യായം.
2. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.05.2026 തീയതിയിലെ ഡിഇഒകെഎംജി/1481/2026-ബി3 നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.07.2026 തീയതിയിലെ ഡിജിഇ/6698/2026-ഇസി2 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ്.ടി.എം ശ്രീമതി വിഷ്ണുപ്രിയ യു.പി. ഫയൽ ചെയ്ത 12062/2026 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 26/03/2026-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, എക്സിബിറ്റ് പി5 റിവിഷൻ പെറ്റീഷൻ, ഹർജിക്കാരനെയും നാലാം എതിർ കക്ഷിയേയും കേട്ടതിനുശേഷം, പരിഗണിച്ച് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 12.06.2026ൽ നേരിൽ കേട്ടു.

3. പെറ്റീഷണറുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു. തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ് ടി എം ആണ് ശ്രീമതി വിഷ്ണുപ്രിയ യു.പി. ശ്രീ സന്ദീപ് പി. വി. എന്ന വ്യക്തിക്ക് പ്രമോഷൻ കൊടുത്തതിൽ ഒഴിവായ തസ്തികയിൽ ശ്രീ ശരത് സി. മോഹൻ -നെ എഫ് ടി.എം. ആയി നിയമിക്കുകയും തുടർന്ന് ടിയാന് ഓഫീസ് അറ്റൻഡന്റ് ആയി പ്രമോഷൻ കൊടുത്ത ഒഴിവിൽ 15.07.2022 മുതൽ പെറ്റീഷണറെ എഫ്.ടി.എം ആയി നിയമിക്കുകയും ചെയ്തു. എന്നാൽ ടിയാളുടെ നിയമനം അംഗീകരിച്ചു നൽകിയിട്ടില്ല. പെറ്റീഷണർക്ക് ശേഷം നിയമനം ലഭിച്ച ശ്രീ വിഷ്ണു ശങ്കർ എ.എൽ. ഉൾപ്പെടെയുള്ളവരുടെ നിയമനം അംഗീകരിച്ചതിനു ശേഷവും ടിയാളുടെ നിയമനം അംഗീകരിക്കാത്തത് നിയമവിരുദ്ധമാണ്. 15.07.2022 മുതൽ കഴിഞ്ഞ നാലോളം

വർഷങ്ങളായി ശമ്പളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. അതിനാൽ 15.07.2022 മുതലുള്ള നിയമനം അംഗീകരിച്ച നൽകണമെന്ന് പെറ്റീഷണറായ ശ്രീമതി വിഷ്ണു പ്രിയ യു. പി. റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ് ടി എം ശ്രീ ശരത് സി മോഹനെ ഓഫീസ് അറ്റന്റന്റ് ആയി 01/07/2022 മുതൽ സ്ഥാനക്കയറ്റം നൽകി എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂളിൽ നിയമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി യു പി വിഷ്ണുപ്രിയയെ 15/07/2022 മുതൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിൽ നിയമിച്ചു. ശ്രീ ശരത് സി മോഹന്റെ ഫുൾ ടൈം മീനിയൽ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല, ശ്രീമതി യു പി വിഷ്ണുപ്രിയ ബിരുദ യോഗ്യത നേടിയിട്ടില്ലെന്ന മാനേജരുടെ ഡിക്ലറേഷൻ, സി എസ് സ്റ്റേറ്റ്മെന്റിൽ മാനേജരുടെ പേര്, സ്ഥലം, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല ആന്റിസിഡന്റ് സർട്ടിഫിക്കറ്റിൽ ആന്റിസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല, നിയമനാർഥിയുടെ സ.ഉ (പി) നം. 29/2010/പൊ വി വ പ്രകാരമുള്ള ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല, ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കാറ്റഗറി 3- ൽ നിയമനം നടത്തുന്നതിനായി മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് തസ്തിക റിപ്പോർട്ട് ചെയ്തതിന്റെയും രേഖകൾ നൽകിയിട്ടുള്ളതിന്റെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ കൈപറ്റ രസീത് അല്ലെങ്കിൽ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല, എന്നീ ന്യൂനതകൾ കാരണം ശ്രീമതി യു പി വിഷ്ണുപ്രിയയുടെ 15/07/2022 മുതലുള്ള ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീ പി വി സന്ദീപിന് ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് മാനേജർ ശ്രീ ശരത് സി. മോഹനെ ഫുൾ ടൈം മീനിയൽ ആയി 04/10/2021 മുതൽ നിയമിച്ചിരുന്നത്. ശ്രീ പി.വി. സന്ദീപിന്റെ നിയമനം ഇപ്പോൾ അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീ ശരത് സി. മോഹന് നിലനിൽക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ്. ശ്രീ ശരത് സി. മോഹന്റെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക്, ശ്രീമതി വിഷ്ണുപ്രിയയുടെ നിയമനം പരിഗണനാർഹമാണ് എന്ന് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരിക്കുന്നു.

5.സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു, ശ്രീ പി.വി. സന്ദീപിന്റെ നിയമനം ഇപ്പോൾ അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീ ശരത് സി. മോഹന് നിലനിൽക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ് എന്നും ശ്രീ ശരത് സി. മോഹന്റെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക്, ശ്രീമതി വിഷ്ണുപ്രിയയുടെ നിയമനം പരിഗണനാർഹമാണ് എന്നും കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ശ്രീമതി വിഷ്ണുപ്രിയ യു. പി. യ്ക്ക് നിയമനം നല്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ, തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്കൂളിലെ എഫ്.ടി.എം ആയ 15.07.2022 മുതലുള്ള നിയമനം അംഗീകരിച്ച നൽകണമെന്ന ശ്രീമതി വിഷ്ണുപ്രിയ യു.പി. യുടെ അപേക്ഷ പരിഗണനാർഹമല്ല. ഹർജി നിരസിച്ച് അപ്രകാരം ശ്രീമതി വിഷ്ണുപ്രിയ യു.പി. ഫയൽ ചെയ്ത 12062/2026 നമ്പർ റിട്ട്

പെറ്റിഷനിൽ ബഹു. ഹൈക്കോടതി 26/03/2026 -ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്‌സര ടി ടി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി).
SMT. VISHNUPRIYA U.P., DEVANANDANAM, PANAYARATHALAKAVU, MANALOOR, NEYYATTINKARA P.O., THRIUVANTHAPURAM - 695 121.
THE MANAGER (SECRETARY), TRAVANCORE DEVASWOM BOARD SCHOOLS, NANTHANCODE, KAWDIAR POST , THIRUVANANTHAPURAM - 695 003.
THE HEADMASTER, D.B.H.S. THRIKARIYOR, KOTHAMANGALAM, ERNAKULAM - 686 692.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/75/2026-G.EDN).

ഉത്തരവിൻ പ്രകാരം

Digitally signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 01-08-2026
16:03:40

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.